(ഡി) എത്രപേർ വിദ്യാഭ്യാസം നടത്തുന്നു ;

(ഇ) ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം പ്രസ്തുത കോളേജുകൾക്ക് ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ കരുണാകരൻ) :

(എ) ഉണ്ട്

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജ്.

(സി) തൃശ്ശൂർ മെഡിക്കൽ കോളേജിലെ ആദ്യത്തെ ബാച്ച് 1987 മാർച്ചിൽ മാത്രമേ പരീക്ഷയ്ക്ക് ഇരിക്കുകയുള്ളു.

(ഡി) 575

(ഇ) നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

മത്സ്യബന്ധന ഉപകരണങ്ങളുടെ വിതരണം

* 173. [192] ശ്രീ. പി. കെ.കെ. ബാവ :

,, കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങളും മറ്റ് അവശ്യസാധനങ്ങളും ന്യായവിലയ്ക്ക് വിതരണം ചെയ്യാൻ എന്തെങ്കിലും സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്) :

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങളും മറ്റ് അത്യാവശ്യ സാധനങ്ങളും, ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിന് ആദ്യപടി എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിലും എറണാകുളം ജില്ലയിലെ കണ്ണമാലിയിലും മത്സ്യ ഫെഡിന്റെ ആഭിമുഖ്യത്തിൽ ഓരോ "വ്യാസാ സ്റ്റോറുകൾ" പ്രവർത്തിച്ചു വരുന്നു. ഇതുപോലെയുള്ള സ്റ്റോറുകൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കാൻ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

പൊതുപ്രവർത്തകർക്കെതിരായ അഴിമതി നിരോധനനിയമത്തിനു ഭേദഗതി

* 174. [193] ശ്രീ. എ.കെ. പത്മനാഭൻ :

,, വർക്കല രാധാകൃഷ്ണൻ :

,, ടി.കെ. ഹംസ :

,, ടി.കെ. ആറുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുപ്രവർത്തകർക്കെതിരായ അഴിമതി നിരോധന നിയമത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള നിയമ ഭേദഗതികൾ ഗവൺമെന്റ് സ്വീകരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിയമസഭയുടെ കാലാവധി അവസാനിക്കുന്നതിനു മുൻപ് നടപ്പിൽ വരുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly